**മലബാറിൽ സാമ്രാജ്യത്വവിരുദ്ധസമരം ശക്തമായ ഘട്ടത്തിൽ, 1921 ജൂലൈ 24-ന് പൊന്നാനി പാതാറിൽ ഏതാനും യാഥാസ്ഥിതിക പണ്ഡിതന്മാരുടെ പിന്തുണയോടെ ബ്രിട്ടീഷുകാർ സർക്കാർ അനുകൂലികളുടെ ഒരു യോഗം വിളിച്ചുകൂട്ടാൻ തീരുമാനിച്ചു. ഇതിൽ പ്രതിഷേധിച്ച് മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ്, മൗലവി എ. കുഞ്ഞി മുഹമ്മദ് സാഹിബ് എഡിറ്ററായിരുന്ന 'ഖിലാഫത്ത് പത്രിക'യുടെ ഒന്നാം പുസ്തകം ഒന്നാം ലക്കത്തിൽ കൊടുത്ത പ്രസ്താവനയുടെ പൂർണ രൂപമാണ് ചുവടെ: സമ്പാ: കെ.കെ മുഹമ്മദ് അബ്ദുൽ കരീം**

# ഒരു മുന്നറിയിപ്പ്!

പ്രിയ സഹോദരങ്ങളേ,

ഖിലാഫത്ത്, സഹകരണത്യാഗം, സ്വയംഭരണം ഇവ മൂന്നും ഇസ്‌ലാംമത സിദ്ധാന്തങ്ങൾക്ക് വിരുദ്ധമായവയാണെന്ന് തെളിയിക്കുമെന്ന നാട്യത്തോടുകൂടി 1921 ജൂലൈ 24-ാം തീയതി പകൽ 2 മണിക്ക് പൊന്നാനി ചുങ്കം പാതാറിന്മേൽ വെച്ച് ഒരു മഹാജനയോഗം കൂടുവാൻ നിശ്ചയിച്ചിരിക്കുന്നു എന്ന് പുത്തൻവീട്ടിൽ കല്ലറക്കൽ മുഹമ്മദ് എന്ന കുഞ്ഞിബാവ മുതൽ നാലാൾ ഒപ്പിട്ട് പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന പരസ്യം ഇപ്പോൾ പലരും കണ്ടിരിക്കുമല്ലോ. ഈ യോഗത്തിന്റെ യഥാർഥ ക്ഷണക്കാരുടെ ഉദ്ദേശ്യവും പൊതുജനങ്ങളെ മുൻകൂട്ടി അറിയിക്കാതിരിക്കുന്നതായാൽ അവർക്ക് പലവിധമായ തെറ്റിദ്ധാരണകളും ഉണ്ടാവാൻ എടയുള്ളതുകൊണ്ട് ചില പ്രധാന സംഗതികൾ മാത്രം ഇവിടെ പ്രസ്താവിക്കുന്നതാണ്.

മേൽ പറഞ്ഞ 'മഹായോഗം' ഇന്ത്യയിൽ അവിടെയവിടെയായി കൂടിയ ജംഇയ്യത്തുൽ ഉലമ, നദ്‌വത്തുൽ ഉലമ, മജ്‌ലിസുൽ ഉലമ, കേരള മജ്‌ലിസുൽ ഉലമ ഈ നാലു ഉലമാ സംഘങ്ങളിലും വെച്ച് സർവസമ്മതമായി പാസ്സാക്കപ്പെട്ട തീർപ്പിനും നമ്മുടെ നേതാക്കന്മാരുടെ ആലോചനയോടുകൂടിയ അഭിപ്രായങ്ങൾക്കും തീരെ വിപരീതമായിട്ടുള്ളതാണെന്ന് അതിന്റെ നോട്ടീസ്സുതന്നെ വിളിച്ചുപറയുന്നുണ്ട്. നമ്മുടെ മതകാര്യങ്ങളെ സംബന്ധിച്ച് അപാരമായ അറിവും ധാരാളമായ ലോകപരിചയവും സിദ്ധിച്ചിട്ടുള്ള ഇന്ത്യയിലെ അനേകായിരം മഹാന്മാർ ഒത്തൊരുമിച്ച് തീർച്ചപ്പെടുത്തിയിട്ടുള്ളതായ ഖിലാഫത്ത്, സഹകരണത്യാഗം ഇവയെ സംബന്ധിച്ച തീർപ്പുകളെ ധിക്കരിക്കുവാൻ വേണ്ടി പൊന്നാനിയിൽ വെച്ച് കൂടുവാൻ പോകുന്ന മഹായോഗം വാസ്തവത്തിൽ ഇസ്‌ലാംമതത്തെയോ മുസ്‌ലിം സമുദായത്തെയോ സ്വരാജ് സ്നേഹമില്ലാത്ത ചില ഉദ്യോഗസ്ഥന്മാരുടെയും, ഉദ്യോഗസ്ഥന്മാരെ കണ്ണുചിമ്മി ഭ്രമിപ്പിക്കുന്നവരുടെയും സ്വന്തമായ ഓരോ അഭിലാഷത്തെ സഫലമാക്കുവാൻ മാത്രമാണെന്ന് മനുഷ്യരുടെ സ്വാതന്ത്ര്യത്തെയും സ്വാഭിമാനത്തെയും നിലനിർത്തുവാൻ കാംക്ഷിക്കുന്ന ഏവനും സമ്മതിക്കുന്നതായിരിക്കും. ശരിയായ വാദപ്രതിവാദം നടത്തി രണ്ടു ഭാഗവും കേട്ട് വിഹിതമായി തീർപ്പുകൽപിക്കേണ്ടതായ എത്രയും ഗൗരവമേറിയ നമ്മുടെ മതകാര്യം ചിലരിലുള്ള അതിരറ്റ ഭ്രമം കൊണ്ടോ ചിലരുടെ ഭീഷണിയെ മറന്നോ മതജ്ഞാനികളെന്ന് തന്നത്താൻ നടിച്ച് ഞെളിയുന്ന രണ്ടോ, നാലോ ആളുകളുടെ അഭിപ്രായത്തിന് അനുസരിച്ച് തീർച്ചപ്പെടുത്തുന്നതായാൽ ആ തീർപ്പ് എത്രത്തോളം ശരിയായിരിക്കുമെന്ന് ആർക്കും ഊഹിക്കാവുന്നതാണല്ലോ. അത് ഇസ്‌ലാംമതത്തിനോ മുസ്‌ലിം സമുദായത്തിനോ ഒരു കാലത്തും ബാധകമായിരിക്കുന്നതുമല്ല.

മേൽപറഞ്ഞ പ്രകാരം നദ്‌വത്തുൽ ഉലമ മുതലായ സംഘങ്ങളിൽ തീർച്ചപ്പെടുത്തി ഇന്ത്യയിൽ പ്രചരിപ്പിച്ചുവരുന്നതിനു പുറമെ മിസ്വ്‌ർ, ആഫ്രിക്ക, മറ്റു ദേശങ്ങൾ, അഫ്ഗാനിസ്താൻ മുതലായ രാജ്യങ്ങളിലെ മുസ്‌ലിംസമുദായങ്ങളും സമ്മതിച്ച് അധികാരം നിലനിർത്താൻ യത്നിച്ചുവരുന്നുണ്ട്. കാര്യം ഇങ്ങിനെയിരിക്കെ ഉലമാക്കളിൽനിന്നും മുസ്‌ലിമീങ്ങളിൽനിന്നുമുള്ള ഭൂരിപക്ഷത്തെ നിങ്ങൾ തുടർന്നുകൊള്ളണം. ഏവൻ പിന്തിരിഞ്ഞു നിന്നുവോ അവൻ പിരിഞ്ഞ് നരകത്തിലും കടക്കേണ്ടിവരും എന്ന് ഇബ്നുമാജയിലുള്ള ഹദീസിനെ നിങ്ങൾ മുറുകെപ്പിടിക്കുവീൻ. ഇവിടങ്ങളിലുള്ള ഗവൺമെന്റിനെ സർവഥാ ഭയപ്പെടുകയും അവരുടെ സ്ഥാനമാനങ്ങളെ ഇച്ഛിക്കുകയും ചെയ്യുന്ന പ്രമാണികളെയും കുഞ്ഞൻ മുസ്‌ല്യാമാരെയും ഇക്കാര്യത്തിൽ തുടരുന്നത് ശർഇന്ന് തീരെ വിരോധമാകുന്നു.

അതുകൊണ്ട് മുസ്‌ലിംസഹോദരന്മാരായ മതസ്നേഹികൾ ആരും മതദ്വേഷികളായ അൽപം ചില കുബുദ്ധികളുടെ പിട്ടിലും പകിട്ടിലും മയങ്ങി തന്റെ യഥാർഥമായ നിലയും വിലയും വിറ്റു തിന്നാതെയും ഇരിപ്പാൻ 'മേപ്പടി മഹായോഗ'ത്തിൽ പങ്കുകൊള്ളുകയോ, അതിൽ അടിച്ചുവീശുന്ന വിഷവായു ഏൽക്കുകയോ ചെയ്യാതിരിപ്പാൻ പ്രത്യേകം അപേക്ഷിക്കുന്നു.

മുഹമ്മദ് അബ്ദുർറഹ്മാൻ
കേരള സംസ്ഥാന
ഖിലാഫത്ത് പ്രവർത്തകൻ